**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേന്ദ്ര റിയൽ എസ്റ്റേറ്റ് (റെഗുലേഷൻ & ഡെവലപ്പ്മെന്റ്) നിയമം 2016- ഇടക്കാല റിയൽ എസ്റ്റേറ്റ് റഗുലേറ്ററി അതോറിറ്റിയായി തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി ഡോ.മിത്ര റ്റി., ഐ.എ.എസ്.-നെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയംഭരണ (ഐ ബി) വകുപ്പ്

സ.ഉ. (എം.എസ്) നം. 87/2018/തസ്വഭവ. തിരുവനന്തപുരം, തീയതി, 28.06.2018.

---

പരാമർശം:- 1. 17.08.2015 ലെ സ.ഉ. (സാധാ) നം. 259/2015/തസ്വഭവ
2. 15.07.2017 ലെ നോട്ടിഫിക്കേഷൻ നം. 5378/ലെഗ് സി1/2017/നിയമം
3. 23.02.2018 ലെ സ.ഉ.(എം.എസ്) നം. 26/2018/തസ്വഭവ

**<u>ഉത്തരവ്</u>**

2015 ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്ട് 2015 മേയ് 4-ാം തീയതി കേരള നിയമസഭ പാസാക്കുകയുണ്ടായി. എന്നാൽ കേന്ദ്ര ആക്ടായ റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്ടിന്റെ 2016 ലെ 16-ാം കേന്ദ്ര ആക്ടിന്റെ ഏതാനും വകുപ്പുകൾ 2016 മേയ് 1-ാം തീയതിയും മറ്റുള്ള വകുപ്പുകൾ 2017 മേയ് 1-ാം തീയതിയും പ്രാബല്യത്തിൽ വരുകയുണ്ടായി.

കേന്ദ്ര നിയമത്തിലെ സെക്ഷൻ 20 (1), 3-ാം ക്ലിപ്ത നിബന്ധന എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, 2016 ലെ കേന്ദ്ര റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) നിയമം സെക്ഷൻ 20 (1) വ്യവസ്ഥ ചെയ്യുന്നതായ റിയൽ എസ്റ്റേറ്റ് റഗുലേറ്റി അതോറിറ്റി നിലവിൽ വരുന്നതുവരെ ഈ നിയമത്തിന്റെ പരിധിയിൽ വരുന്ന ഭരണാധികാരങ്ങൾ നിർവ്വഹിക്കുന്നതിലേക്കായി, തദ്ദേശ സ്വയംഭരണ നഗരകാര്യ വകുപ്പ് സെക്രട്ടറിയായ ഡോ.ബി. അശോകിനെ

ഇടക്കാല റിയൽ എസ്റ്റേറ്റ് റഗുലേറ്ററി അതോറിറ്റിയായി നിയമിച്ച് പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയായിരുന്ന ഡോ.ബി.അശോക് സ്ഥലംമാറ്റപ്പെട്ടതിനാൽ തദ്ദേശ സ്വയംഭരണ വകുപ്പിലെ അഡീഷണൽ സെക്രട്ടറി ഡോ. മിത്ര റ്റി. ഐ.എ.എസ്.-നെ ഇടക്കാല റിയൽ എസ്റ്റേറ്റ് അതോറിറ്റിയായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റ്റി.കെ.ജോസ്

അഡീഷണൽ ചീഫ് സെക്രട്ടറി

ഡോ. മിത്ര റ്റി., ഐ.എ.എസ്, അഡീഷണൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
ഡോ.ബി.അശോക്, സെക്രട്ടറി, കായിക യുവജനക്ഷേമ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് ഓഫീസർ (വെബ് & ന്യൂ മീഡിയ)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ